പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *743 — 3.11.2011-ൽ മറുപടിയ്ക്ക്

## സംരക്ഷിത കൃഷി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.റ്റി.. ബൽറാം<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംരക്ഷിത കൃഷി വികസിപ്പിക്കുന്നതിന് ഹോർട്ടികൾച്ചർ മിഷൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം സംരക്ഷിത കൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഗ്രീൻഹൗസ്, തണൽ വലകൾ എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നു. പച്ചക്കറികൃഷി, പുഷ്പകൃഷി എന്നിവയുടെ സംരക്ഷണത്തിന് വേണ്ടിയുള്ള തണൽ വലകൾ സ്ഥാപിക്കുന്നതിന് ട്യൂബുലാർ സ്ട്രക്ച്ചറിന് ചതുരശ്രമീറ്ററിന് മൊത്തം ചെലവിന്റെ 50 ശതമാനമായ 300 രൂപയും വുഡൻ സ്ട്രക്ച്ചറിന് ചതുരശ്രമീറ്ററിന് മൊത്തം ചെലവിന്റെ 50 ശതമാനമായ 205 രൂപയും ധനസഹായം നൽകുന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ 2000 ചതുരശ്രമീറ്റർ ട്യൂബുലാർ സ്ട്രക്ച്ചറിനും 500 ചതുരശ്രമീറ്റർ വുഡൻ സ്ട്രക്ച്ചറിനും അനുമതി ലഭിച്ചിട്ടുണ്ട്. ഫാൻ & പാഡ് സിസ്റ്റത്തിലുള്ള ഗ്രീൻഹൗസ് നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് മൊത്തം ചെലവിന്റെ 50 ശതമാനമായ 732.5 രൂപ ധനസഹായം നൽകുന്നു. നടപ്പുസാമ്പത്തിക |

വർഷത്തിൽ 30000 ചതുരശ്രമീറ്റർ ഫാൻ & പാഡ് സിസ്റ്റത്തിലുള്ള ഗ്രീൻഹൗസ് നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

പോളീഹൗസ്/തണൽവല ഹൗസുകൾ എന്നിവയിൽ കൃഷി ചെയ്യുന്ന പച്ചക്കറിയുടെ നടീൽ വസ്തുക്കൾക്ക് 52.5 രൂപ നിരക്കിൽ 500 ചതുരശ്രമീറ്ററിന് 26300 രൂപയുടെ സാമ്പത്തിക സഹായത്തിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷനിൽ നിന്നും അനുമതിലഭിച്ചിട്ടുണ്ട്. കൂടാതെ പോളീഹൗസ്/തണൽ വലകൾ എന്നിവയിൽ കൃഷി ചെയ്യുന്ന പുഷ്പങ്ങളുടെ നടീൽ വസ്തുക്കൾക്ക് ധനസഹായം നൽകുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ ചതുരശ്രമീറ്ററിന് 250 രൂപ നിരക്കിൽ 2000 ചതുരശ്രമീറ്ററിന് 5 ലക്ഷം രൂപയുടെ സാമ്പത്തിക സഹായത്തിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷനിൽ നിന്നും അനുമതിലഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പുഷ്പകൃഷി, പച്ചക്കറി കൃഷി എന്നിവയുടെ സംരക്ഷണത്തിന് വേണ്ടിയുള്ള തണൽവലകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുമോ; | (ബി) | ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം പുഷ്പകൃഷി, പച്ചക്കറികൃഷി എന്നിവയുടെ സംരക്ഷണത്തിന് വേണ്ടിയുള്ള തണൽവലകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ട്. |
| (സി) | ഗ്രീൻഹൗസുകളുടെ നിർമ്മാണത്തിന് ധനസഹായം ഏർപ്പെടുത്തുമോ? | (സി) | ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ഗ്രീൻഹൗസുകളുടെ നിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ട്. |

R.R.Bd'ge
സെക്ഷൻ ഓഫീസർ